**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ 2020 അക്കാദമിക വർഷം മുതൽ M.Sc Computer Science(Data Analytics) പ്രോഗ്രാം 30 സീറ്റ് എണ്ണം നിശ്ചയിച്ച് അനുവദിക്കുവാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 2332/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.06.2020

---

*പരാമർശം:*-1. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പ്രിൻസിപ്പലിന്റെ 30/08/2018-ലെ RCSS/239/Afln/2018 നമ്പർ കത്ത്
2.സ.ഉ.നം.3020/എസിബി 7/1/2019 തീയതി 26.09.2019
3. 26/05/2020-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം മിനിട്സ് ഇനം നം. 216/20.02/200133 OA 1(2)

**<u>ഉത്തരവ്</u>**

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരിയിൽ M.Sc Computer Science(Data Analytics) എന്ന പുതിയ പ്രോഗ്രാം, 2019-20 അക്കാദമിക വർഷം മുതൽ ആരംഭിക്കുന്നതിനായി കോളേജ് പ്രിൻസിപ്പൽ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള നിബന്ധനകൾ അനുസരിച്ച് നിശ്ചിത ഫീസ് അടച്ച് കോളേജ് സമർപ്പിച്ച അപേക്ഷ 31/08/2019-ൽ ചേർന്ന സിൻഡിക്കേറ്റ് ഉപസമിതി-അഫിലിയേഷൻ യോഗം പരിഗണിക്കുകയും, പുതിയ പ്രോഗ്രാം M.Sc Computer Science (Data Analytics) തുടങ്ങുന്നതിനായി പഠന ഭൗതിക സാഹചര്യങ്ങളുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അഡ്വ.പി.കെ.ഹരികുമാർ (സിൻഡിക്കേറ്റ് അംഗം), ശ്രീ.ജോബിൻ വർഗീസ് പി., അസിസ്റ്റൻറ് പ്രൊഫസർ, കെ.ഇ.കോളേജ് മാന്നാനം(വിഷയ വിദഗ്ധൻ) എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുവാൻ ശിപാർശ ചെയ്യുന്നത് ബഹു.അംഗീകരിച്ചതിനെത്തുടർന്ന് പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ഇപ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ 16.05.2020-ൽ കോളേജ് സന്ദർശിച്ച് ഭൗതിക പഠന സൗകര്യങ്ങൾ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട്, പരാമർശം (3) പ്രകാരം ചേർന്ന സിൻഡിക്കേറ്റ് പരിഗണിക്കുകയും, അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കളമശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ 2020 അക്കാദമിക വർഷം മുതൽ M.Sc Computer Science(Data Analytics) പ്രോഗ്രാം 30 സീറ്റ് എണ്ണം നിശ്ചയിച്ച് അനുവദിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3 .പ്രിൻസിപ്പൽ ,രാജഗിരി കോളേജ് ഓഫ് സോഷ്യൽസയൻസസ്
കളമശ്ശേരി .

Draft #1 of File 19315/AC B7-1/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 01-Jun-2020 04:12 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4.ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
5.ഡെപ്യൂട്ടി രജിസ്ട്രാർ II(അക്കാദമിക്)
6.അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
7.ഏസി.സി. സെക്ഷൻ
8.പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / ഐ.ക്യൂ.എ.സി.
9.ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ഇ.ഐ.39

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 19315/AC B7-1/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 01-Jun-2020 04:12 PM - Page 2